നാട്ടുകാർക്കിടയിൽ ബാവ ഉസ്താദ് എന്ന പേരിൽ പ്രശ്സ്തനായ ക്കാരി ബാവ മുസ്ലിയാരുടെ യഥാർഥ പേര് കുഞ്ഞഹമ്മദ് എന്നാണ്. ക്കാരി ഓട്ടുപാറപ്പുറത്തെ മദ്രസയിൽ വർഷങ്ങളോളം സേവനം ചെയ്ത ത് കൊണ്ട് പ്രദേശത്തെ എല്ലാവരുടെയും തന്നെ ഉസ്താദ് എന്ന നിലയി ൽ തന്നെയാണ് ബാവ ഉസ്താദ് എന്ന് വിളിക്കുന്നത്. പുളിക്കലകത്ത് മൊയ്തീൻ കുട്ടിഹാജി മൊല്ലയുടെയും പോണിയേരി പാത്തുമ്മയുടെ യും മകനായി 1949 ജൂലൈ 1 ന് 1368റമളാൻ 5 ന് ജനിച്ചു.

<u>പഠനം</u>

പ്രാഥമിക പഠനം ഉപ്പയിൽ നിന്ന് തന്നെയായിരുവന്നു. ക്കാരിയിൽ നിന്ന് തന്നെ മതപഠനവും സ്കൂൾ പഠനവും ആരംഭിച്ചു. 1962 ൽ ക്കാരി ചെനക്കലിൽ കൂണ്ടൂർ ഉസ്താദിന്റെ പ്രഥമ ശിഷ്യനായി മതപഠനം ആരം ഭിച്ചു. അതിനിടക്ക് പെരിഞ്ഞേരിയിൽ ചുരുങ്ങിയ കാലം താമസി ച്ച് പഠിച്ചു. ചെലൂരിലെ അമ്മായിടെ ഭർത്താവ് മരിച്ചപ്പോളാണ് 4 മാസത്തോളം അവിടെ പഠിച്ചത്. സ്കൂളിൽ 5 വരെ മാത്രമാണ് പഠിച്ചത്. അന്ന് ഓട്ടുപാറപ്പുറം സ്കൂളിൽ 5 വരെ ക്ലാസുകൾ ഉണ്ടായിരുന്നു ള്ളൂ. പിന്നീട് യു പി സ്കൂൾ 5 മുതലുള്ള ക്ലാസുകൾ പാലച്ചിറമാട്ടിലേ ക്ക് മാറ്റി. 1973 ൽ വിവാഹിതനായി. പൊന്മുണ്ടം കുളങ്ങര താഴത്തെ ചോല കുഞ്ഞലവി ഹാജിയുടെ മൂത്ത മകൾ ഫാത്തിമയാണ് ഭാര്യ. അന്ന് തലക്കടത്തൂർ മദ്റസയിലായിരുന്നു ജോലി. 2 വർഷം അവിടെ സ്വദർ മുഅല്ലിമായി സേവനം ചെയ്തു.

<u>ഗൾഫ് പര്യടനം, ഹജ്ജ്</u>

92 ഡിസംബർ 5 നാണ് ബാവ ഉസ്താദ് ആദ്യമായി ഗൾഫിൽ പോയത്. ഓട്ടുപാറപുറത്തെ എം എസ് നഴ്സറി പിരിവിനാണ് യു എ ഇയിൽ പോയത്. 26 സെന്റ് സ്ഥലം നഴ്സറിക്ക് വാങ്ങി. എം സി മുമ്മദാജിയുടെ പറമ്പിൽ താൽക്കാലികമായി തുടങ്ങി. മൂന്നാം ക്ലാസ് വരെ നടത്തി. പിന്നെ കുട്ടികളെ കഞ്ഞിക്കുഴിങ്ങര ഗവൺമെന്റ് സ്കൂളിൽ ചേർത്തു. പിന്നെ കെ ജി മാത്രം ആയി. പിന്നീട് അതും നിലച്ചു. 1993 ലാണ് ആദ്യ ഹജ്ജിന് പോയത്. കുഞ്ഞിമൊയ്തീൻ കുട്ടി ഹാജിയാണ് ഹജ്ജിന് പോകാൻ അവസരം നൽകിയതും സാമ്പത്തിക

മായി കമായി സഹായിച്ചതും. 98 ൽ എസ് വൈ എസ് ന്റെ അമീറായി വീണ്ടും ഹജ്ജ് ചെയ്യാൻ സാധിച്ചു, 2005 ൽ സൗദി പര്യടനം നടത്തി. സുന്നി ജംഇയ്യത്തുൽ മുഅല്ലിമീന്റെ ഫണ്ടിന്റെ ആവശ്യത്തിനായിരുന്നു. പര്യടനം ഹജ്ജ് വേളയായത് കൊണ്ട് ഹജ്ജ് ചെയ്യാൻ സാധിച്ചു.

ജോലി

ഓട്ടുപാറുത്ത് പള്ളിയുണ്ട് പക്ഷെ അവിടെ ദർസ് തുടങ്ങാൻ ആരുമില്ല. ബാവ ഉസ്താദിന്റെ ഉപ്പ അവിടെ മുക്രിയായിരുന്നു. അങ്ങനെ സ്കൂൾ ബിൽഡിംഗിൽ ബാവ ഉസ്താദിന്റെ ഉപ്പയും അർമാണ്ടി മൊല്ലാക്കയും ഓത്തുപള്ളി തുടങ്ങി. ബാവ ഉസ്താദിന്റെ ഉപ്പാക്ക് പനി വന്നപ്പോൾ ബാവ ഉസ്താദ് 1963 ൽ മദ്രസ പഠിപ്പിക്കൽ തുടങ്ങി. 1963 മുതൽ 9 കൊല്ലം മദ്രസക്ക് അംഗീകാരമുണ്ടായിരുന്നില്ല. പള്ളിയിലെ മുദരിസുസ്താദിന് ചെലവ് കൊണ്ടുവന്നിരുന്നത് ബാവ ഉസ്താദായിരുന്നു. അബ്ബു റഹ്മാൻ കുട്ടി മൊല്ല, മൊയ്തീൻകുട്ടിമൊല്ല എന്നിവരായിരുന്നു ഓത്തു പള്ളി ഉസ്താദുമാർ, ഉമ്മാമയും (മാമാന്റെ ഉമ്മ) ഉണ്ടായിരുന്നു. ഉമ്മാമ വീട്ടിൽ വെച്ചായിരുന്നു ഓത്തു പള്ളി നടത്തിയിരുന്നത്. പേര് പാത്തുമ്മ. 73 മുതൽ 75 വരെ തലക്കടത്തൂർ മദ്രസയിൽ ജോലി ചെയ്തു. ഓട്ടുപാറപ്പുറം നമാഉൽ ഇസ്ലാം മദ്രസ തുടങ്ങാൻ ബീരാണ്ടി ഹാജിയുടെ നേതൃത്വത്തിൽ ചർച്ച ചെയ്തു. ബാവ ഉസ്താദിന്റെ ഉപ്പ പോയപ്പോൾ കുട്ടികൾ ചെട്ടിയാംകിണറിലേക്ക് പോയി. അപ്പോഴാണ് മദ്രസ തുടങ്ങുന്നത് തക്യതിയായി ചർച്ചചെയ്തത്.

സ്ഥലം കണ്ടെത്താനുള്ള ആലോചനയിൽ എം സി മുഹമ്മദാജി, സൈദാലി ഹാജി എന്നിവർ സ്ഥലം തരാമെന്ന് പറഞ്ഞു. എം സി മുഹദാജി നൽകിയ സ്ഥലത്ത് ചാപ്പനങ്ങാടി ബാപ്പു മുസ്ലിയാർ മദ്രസക്ക് കല്ലിട്ടു. 26 സെന്റിൽ മദ്രസ മദ്രസ ആരംഭിച്ചു. അന്ന് സ്വദർ എടരിക്കോട് കുഞ്ഞിക്കോയ തങ്ങളായിരുന്നു. 73 മുതൽ സ്വദറായി സേവനമനുഷ്ഠിക്കാൻ തുടങ്ങി. 75 ൽ ഓട്ടുപാറപ്പുറം പള്ളിയിൽ ഇമാമത് തുടങ്ങി. 2021 ഏപ്രിൽ 10 ശനിയാഴ്ച നമ്മോട് വിടപറഞ്ഞ കുഞ്ഞിമൊയ്ദീൻകുട്ടി ഹാജിയാണ് പള്ളി പണിക്ക് മുന്നിൽ നിന്നത്. 1974ൽ തന്നെ മദ്റസയുടെ ഉദ്ഘാടനം നിർവഹിച്ചു. ആശാരി അയ്യപ്പന്റെ അച്ചന്റെ വക ഒരു ബെഞ്ച് മദ്റസയിലേക്ക് തന്നു. അദ്ദേഹം തന്നെയായിരുന്നു മദ്റസയു

ടെ ഫർണീച്ചർ പണി എടുത്തിരുന്നത്. അങ്ങനെ മദ്റസയുടെ പണി പൂർത്തിയായപ്പോൾ കുണ്ടൂർ ഉസ്താദ് പറഞ്ഞു ഇനി ഇവിടെ നിന്നോ എന്ന്. അങ്ങനെ ഓട്ടുപാറപ്പുറം മദ്റസയിൽ സേവനം ആരംഭിച്ചു. മദ്റസയുടെ ആരംഭത്തിൽ ആറ് മാസം കോയ കുഞ്ഞിക്കോയ തങ്ങൾ എടരിക്കോട് ആയിരുന്നു സ്വദർ മുഅല്ലിം. അദ്ദേഹം പോയ ശേഷം സ്വദർ മുഅല്ലിമായി സേവനം ആരംഭിച്ചു. ചെട്ടിയാംകിണർ മദ്റസയിൽ നിന്ന് 57 കുട്ടികൾ ഉപ്പയുടെ കൂടെ ഈ മദ്റസ യിലേക്ക് വന്നു.1974ൽ ഓട്ടുപാറപ്പുറം യൂണിറ്റ് എസ് വൈ എസ് രൂപീകരിച്ചു. ചെട്ടിയാം കിണർ മദ്റസിയിൽ മൂത്താപ്പ കുഞ്ഞിമുഹമ്മദ് മുസ്ലിയാരായിരുന്നു അധ്യാപകൻ. കോടൂ ക്കാരൻ കുഞ്ഞു മോല്യേര് എന്നാണ് അറിയപ്പെട്ടിരുന്നത്. സംഘടനാ പ്രവർത്തങ്ങൾ തലക്കടത്തൂരിൽ ജോലി ചെയ്യുമ്പോൾ വൈലത്തൂർ റൈഞ്ചിലായിരുന്നു പ്രവർത്തിച്ചിരുന്നത്. ഓട്ടുപാറപ്പുറം മദ്റസയിലേക്ക് മാറിയപ്പോൾ കോഴിച്ചെന റൈഞ്ചിൽ ചേർന്നു. 84–85 കാലത്ത് സമസ്തയുടെ വിഭജനം തുടങ്ങി. ആ കാലത്ത് എ പി ഉസ്താദ്, പേരോട് ഉസ്താദ് തുടങ്ങിയവർ ഓട്ടുപാറത്ത് വന്നു വലിയ ഒരു സമ്മേളനത്തിൽ പ്രസംഗിച്ചു. ഓട്ടുപാറപ്പുറം യൂണിറ്റ് എസ് വൈ എസ് ആദ്യ നേതൃത്വം കുണ്ടൂർ ഉസ്താദ് പ്രസിഡന്റ്. ബാവ മുസ്ലിയാർ സെക്രട്ടറി, പൊന്നാജി സൈതാലി ഹാജി വൈ. പ്രസി. മുഹമ്മദ് ഹാജി ട്രഷറർ. സൈതാലി ഹാജിയുടെ വീട്ടിലായിരുന്നു ഉസ്താദുമാർക്ക് ചെലവുണ്ടായിരുന്നത്. മദ്റസ തുടക്കത്തിൽ 4 ക്ലാസ് വരെയാണ് ഉണ്ടായിരുന്നത്. ബാവ മുസ്ലിയാർ അഞ്ചാം ക്ലാസ് കൂടി തുടങ്ങി. എസ് വൈ എസി ന്റെ നേതൃത്വത്തിൽ നിരവധി റിലീഫ് പ്രവർത്തനങ്ങൾ നടത്തി. മസാലിഹുൽ മുസ്ലിമീൻ എന്നായിരുന്നു റിലീഫ് സംഘത്തിന്റെ പേര്. പ്രവാസികളുടെ സഹായത്താലായിരുന്നു പദ്ധതികൾ നടപ്പിലാക്കിയത്. പാവപ്പെട്ടവർക്ക് വീട് നിർമാണം, കല്യാണം.
ചികിത്സ തുടങ്ങി നിരവധി റിലീഫുകൾ നടത്തി. കൂർ ഉസ്താദിന്റെ നേതൃത്വത്തിലായിരുന്നു കാര്യങ്ങൾ നടന്നിരുന്നത്. ആദ്യകാലത്ത് ക്ലാരി പോസ്റ്റ് ഓഫീസ് ഉണ്ടായിരുന്നില്ല. കുറ്റിപ്പാലയായിരുന്നു പോസ്റ്റ് ഓഫീസ്ആളുകൾ അങ്ങോട്ട് നടന്നു പോയിട്ടായിരുന്നു കത്ത് അയക്കലും മറ്റും നടത്തിയിരുന്നത്. അക്കാലത്ത് വിവരങ്ങളറിയാനുണ്ടായിരു

ന്ന പ്രധാന മാർഗ്ഗം. ഗൾഫുകാർ വർധിച്ചു. സ്റ്റാമ്പ് ലഭ്യമാകാൻ തിരൂരി ലേക്ക് വെറ്റിലയുമായി പോകുന്നവരുടെ കൈയ്യിൽ ക്യാഷ് കൊടുത്തു വിടും അങ്ങനെയാണ് സ്റ്റാമ്പ് എത്തിച്ചിരുന്നത്. സ്കൂൾ അധ്യാപകർ ഇവിടെ പോസ്റ്റ് ഓഫീസ് തുടങ്ങാൻ ഹരജി നൽകി. പക്ഷേ ആ ഹർജി തള്ളുകയണുണ്ടായത്. പിന്നീട് ബാവ ഉസ്താദും അബ്ദുറഹ്മാൻ മുൻ ഷിയും മറ്റൊരു ഹരജി നൽകി. ക്ലാരി പോസ്റ്റ് ഓഫീസിന് വേണ്ടി. നല്ലളം ബസാർ സ്വദേശിയായ പോസ്റ്റ് ഓഫീസ് ഡയറക്ടർ കുഞ്ഞിമുഹമ്മദ് മാസ്റ്റർക്ക് തൃശ്ശൂരിൽ വെച്ചാണ് ഹരജി നൽകിയിത്. അങ്ങനെ ഡയറക്ട ർ കാര്യങ്ങൾ അന്വേഷിച്ചു. ക്ലാരി എന്ന പേരാണ് പോസ്റ്റ് ഓഫീസിന് ബാവ ഉസ്താദ് സെലക്ട് ചെയ്തത്. ആ പേരിൽകത്ത് വരുമോ എന്ന് പരിശോധിക്കാൻ ക്ലാരി അഡ്രസ് വെച്ച് വിവിധയിടങ്ങളിൽ നിന്ന് കത്ത യച്ചു. അങ്ങനെ 200 ലധികം കത്തുകൾ ക്ലാരി പോസ്റ്റ് എന്ന പേരിൽ ബാവ ഉസ്താദ് ന് വന്നു. അങ്ങനെ ക്ലാരി പോസ്റ്റിന് അംഗീകാരമായി. 1981 ൽ പോസ്റ്റ് ഓഫീസ് ഉദ്ഘാടനം നടന്നു. അത് മുടക്കാനായി പലരും ശ്രമിച്ചു. ആദ്യ ഘട്ടത്തിൽ സർക്കാർ ശമ്പളം നൽകിയിരുന്നില്ല. എന്നാ ൽ ആളുകളിൽ നിന്ന് പിരിച്ച് പത്ത് രൂപയാണ് അന്ന് ശമ്പളം നൽകി യിരുന്നത്. 1984 – 1989 ഘട്ടത്തിൽ കൊഴിച്ചെന റെയ്ഞ്ച് സെക്രട്ടറിയാ യിരുന്നു. 1989 ൽ എടരിക്കോട് റെയ്ഞ്ച് നിലവിൽ വന്നു. അന്ന് പ്രസി ഡന്റായിരുന്നു. 16 മദ്റസയാണ് അന്ന് റെയ്ഞ്ചിന് കീഴിലുണ്ടായിരുന്ന ത്. 89 ൽ പിരി ഞ്ഞിട്ടാണ് എടരിക്കോട് റെയ്ഞ്ച് നിലവിൽ വന്നത്. കല്ലു വെട്ടുപാറ മദ്റസ സ്വദർ മുഅല്ലിം സി പി മൊയ്തീൻ മുസ്ലിയാർ ആ യിരുന്നു വൈസ് പ്രസിഡന്റ്. ഇപ്പോഴും എടരിക്കോട് റെയ്ഞ്ച് പ്രസിഡ ന്റ് തന്നെയാണ്. (സെക്രട്ടറി ആയിരുന്നല്ലോ എന്നാണ് എന്റെ സംശയം.) 1976 മുതൽ എസ് ജെ എം ജില്ലാ സെക്രട്ടറി ആയിരുന്നു. അന്ന് സെക്രട്ടറി എം പി ഹസൻ മുസ്ലിയാർ. പ്രസിഡന്റ് ചേപ്പൂർ ബാപ്പു മുസ് ലിയാർ. സമസ്ത പിരിയുന്ന കാലത്ത് കുറ്റാളൂർ മയ്മോല്യേര് ആണ് ജില്ലാ പ്രസിഡന്റ് . അദ്ദേഹം ഇ കെയിലേക്ക് പോയി. 1980 ൽ മർകസ് കോംപ്ലക്സിൽ വെച്ച് എസ് ജെ എം സംസ്ഥാന കമ്മിറ്റി രൂപീകരിച്ചു. അണ്ടോണ പ്രസിഡന്റ്, പാറന്നൂർ സെക്രട്ടറി, വി പി എം ഫൈസി വില്യാപ്പള്ളി ട്രഷറർ, ജോ. സെക്രട്ടറിയായി ബാവ ഉസ്താദ് അന്ന്

കമ്മിറ്റിയിലുണ്ടായിരുന്നു. ഇപ്പോഴും ആ സ്ഥാനത്തുണ്ട്.
1976 മുതൽ സ്റ്റേറ്റ് കമ്മിറ്റിയിൽ ഉണ്ട്. 1985 മുതൽ സംസ്ഥാന ടൂറ്റർമാരിൽ ഒരാളായി പ്രവർത്തിക്കുന്നു. 1990 മുതൽ എസ് ജെ എമ്മിന്റെ ജില്ലാ ജനറൽ സെക്രട്ടറിയായി. ഇപ്പോൾ എസ് ജെ എം വെസ്റ്റ് സെക്രട്ടറി. മുഅല്ലിം ക്ഷേമനിധി ആരംഭിച്ചു. ഇതിലൂടെ ആയിരക്കണക്കിന് മുഅല്ലിംകൾക്ക് സഹായം നൽകി. 1985 മുതൽ ക്ഷേമ നിധിയിലേക്ക് ഫണ്ട് സ്വരൂപിക്കുക എന്ന ലക്ഷ്യത്തോടെ അജ്മീർ യാത്ര ആരംഭിച്ചു. 2002 ൽ മർകസ് വിഭവ സമാഹരണം ആരംഭിച്ചു. പിന്നീട് എ പി ഉസ്താദ് കോഴിക്കോട് ജില്ലയോടും ഇക്കാര്യം ഏറ്റെടുക്കാൻ പറഞ്ഞു. പട്ടിക്കാട് സമ്മേളനത്തിന് പോകുമ്പോൾ കൂട്ടിലങ്ങാടി വെച്ച് ചായ കുടിച്ചപ്പോൾ ഒരു നെയ്യപ്പത്തിന്റെ ക്യാഷ് കൊടുക്കാൻ മറന്നു. പിന്നീട് ഈ സംഖ്യ അയച്ച് കൊടുത്തു. 2 രൂപ. ജീവിതത്തിൽ ഏറ്റവും വലിയ ഭാഗ്യം കുണ്ടൂർ ഉസ്താദിന്റെ ദർസിൽ പങ്കെടുക്കാൻ സാധിച്ചു. എന്നുള്ളതാണ് എന്ന് ബാവ ഉസ്താദ് ഓർക്കുന്നു.

വഫാത്ത്

പ്രമേഹമായിരുന്നു തുടക്കം. ആ ഓട്ടം നിന്നു, ഇനി അങ്ങനെ ഓടി പ്രസ്ഥാനത്തിന് വേണ്ടി പ്രവർത്തിക്കാൻ കഴിയൂലല്ലോ. പ്രമേഹം ഉണ്ടെന്ന് അറിഞ്ഞപ്പോൾ കുണ്ടൂർ ഉസ്താദിന്റെ പ്രതികരണം ഇതായിരുന്നു. പിന്നീട് ഡയാലിസിസ് തുടങ്ങേണ്ടി വന്നു, ഓരോ ഒന്നിടവിട്ട ദിവസങ്ങളിലും കോട്ടക്കൽ അൽമാസ് ഹോസ്പിറ്റലിൽ പോകും, മൂത്ത മകൻ അയ്യൂബായിരുന്നു കാര്യമായി ഡയാലിസിന് കൊണ്ടു പോകലും മറ്റും ചെയ്തിരുന്നത്,പത്ത് വർഷത്തോളം ഡയാലിസിസ് ചെയ്തു.

2023 ഡിസംബർ 12, 1445 ജുമാദുൽ ഊലാ 29 ന് സ്വന്തം വീട്ടിൽ വെച്ച് 74 ആം വയസ്സിൽ റബ്ബിന്റെ വിളിക്ക് ഉത്തരം നൽകി. ക്കാരി ചെനക്കൽ ഖബർ സ്ഥാനിൽ അന്ത്യവിശ്രമം കൊള്ളുന്നു.